# മലബാർ
# പൈതൃകവും പ്രതാപവും

ചരിത്രം/സംസ്കാരം

എഡിറ്റേഴ്സ്

ഡോ. പി.ബി. സലിം ഐ.എ.എസ്.

എൻ.പി. ഹാഫിസ് മുഹമ്മദ്

എം.സി. വസിഷ്ഠ്

ചിത്രീകരണം

മദനൻ

ഫോട്ടോസ്

പി. മുസ്തഫ

മാതൃഭൂമി ബുക്സ്

MATHRUBHUMI BOOKS

2011

# മലബാറിലെ നമ്പൂതിരിമാർ

ഡോ. എം.ആർ. മന്മഥൻ

കേരളീയ സാമൂഹികജീവിതത്തിന്റെ നെറുകയിൽ നൂറ്റാണ്ടുകളോളം സാന്നിധ്യമുറപ്പിച്ച ജനവിഭാഗമായിരുന്നു നമ്പൂതിരിമാർ. ജാതിസോപാനത്തിൽ ഉന്നതസ്ഥാനം കരസ്ഥമാക്കിയ അവർ, ഭൂസ്വത്തിന്റെ സിംഹഭാഗവും കൈയടക്കിവെച്ചുപോന്നു. വിദ്യയും വിദ്യാഭ്യാസവും അവർക്കുമാത്രം അവകാശപ്പെട്ടതായിരുന്നു. മതകാര്യങ്ങളിൽ അന്തിമവാക്കും അവരുടേതായിരുന്നു. അങ്ങനെ സാമ്പത്തികശേഷിയും പൗരോഹിത്യപദവിയും ഉപയോഗപ്പെടുത്തി സാമൂഹികമേധാവിത്വം ഉറപ്പിച്ചുപോന്ന നമ്പൂതിരിമാർക്ക് ഭരണകൂടത്തിന്റെ പ്രോത്സാഹനവും പരിരക്ഷയും സുരക്ഷിതത്വബോധം നല്കി. യൂറോപ്യന്മാരുടെ ഭൂഗമനത്തോടെയാണ് സാമൂഹികശാസ്ത്രപരമായും നരവംശശാസ്ത്രപരമായും നമ്പൂതിരിമാർ പഠനവിധേയമാക്കപ്പെട്ടത്. ലാളിത്യവും നിഷ്കളങ്കതയും പാലിച്ചുപോന്ന, അതേസമയം പൊതുസമൂഹത്തിൽനിന്നും കണിശമായ അകലംപാലിച്ചുപോന്ന, ജന്മിവിഭാഗമെന്ന നിലയിലാണ് അവർ യൂറോപ്യന്മാരുടെ ശ്രദ്ധയാകർഷിച്ചത്. ഭൗതികനേട്ടങ്ങളിൽ കാണിക്കുന്ന ഉദാസീനതയും അയിത്തം പാലിക്കുന്നതിലുള്ള നിഷ്കർഷതയും കാരണം സാമൂഹികപുരോഗതിക്കും വികാസത്തിനും അവർ വലിയ വിഘാതമാണെന്ന രീതിയിലും വീക്ഷിക്കപ്പെട്ടു. ക്രിസ്ത്യൻമിഷണറിമാരാകട്ടെ യുക്തിരഹിത മതചിന്തയെയും മനുഷ്യവിരുദ്ധമായ അയിത്താചരണത്തെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ നമ്പൂതിരി പൗരോഹിത്യത്തെ രൂക്ഷമായി ആക്രമിച്ചു. ഇതിനിടയിലും ആര്യവംശശുദ്ധി നിലനിർത്തിപ്പോന്ന വിഭാഗമാണ് അവർ എന്ന കാര്യത്തിൽ അഭിപ്രായസമന്വയം സാവകാശം രൂപപ്പെട്ടുവന്നു. അങ്ങനെ മാറിയ സാഹചര്യത്തിലും നമ്പൂതിരിമാരുടെ ഔന്നത്യം വലിയ വെല്ലുവിളികളില്ലാതെ തുടർന്നുപോന്നു.

കേരളത്തിലെ കുടിയേറ്റക്കാരായിരുന്നു നമ്പൂതിരിമാർ. ദക്ഷിണകർണാടകത്തിൽനിന്നും പല ഘട്ടങ്ങളിലായി കുടിയേറിയ ഇവർ, 32 ഗ്രാമങ്ങളിലായി സ്ഥിരവാസമുറപ്പിച്ചു. നെൽവയലുകൾ സമൃദ്ധമായുള്ള നദീതടങ്ങളാണ് അവർ സ്ഥിരവാസത്തിനായി തിരഞ്ഞെടുത്തത്. നമ്പൂതിരിഗ്രാമങ്ങളിൽ ഭൂരിപക്ഷവും ഭാരതപ്പുഴ, പെരിയാർ, പമ്പ എന്നീ നദികളുടെ സാന്നിധ്യംമൂലം സമ്പന്നമാക്കപ്പെട്ട മധ്യകേരളത്തിലാണ് കേന്ദ്രീകരിക്കപ്പെട്ടത്. ഇവയിൽ ഭാരതപ്പുഴയുടെ തീരപ്രദേശത്തുള്ള പന്നിയൂർ, ശുകപുരം തുടങ്ങിയവയും ചാലിയാർ

തീരത്തെ കരിക്കാടും (മഞ്ചേരി) ദക്ഷിണമലബാറിലും പെരുഞ്ചെല്ലൂർ (തളിപ്പറമ്പ്), പയ്യന്നൂർ എന്നിവ ഉത്തരമലബാറിലും സ്ഥിതിചെയ്തു. വമ്പിച്ച ഭൂസ്വത്തുക്കൾ കൈവശമുള്ള അനേകം ഇല്ലങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു ഓരോ ഗ്രാമവും. ഋഗ്വേദികളും ശൈവാരാധനക്കാരുമായ നമ്പൂതിരിഗ്രാമങ്ങളുടെ കേന്ദ്രബിന്ദുവെന്ന നിലയിൽ ക്ഷേത്രങ്ങൾ നിലകൊണ്ടു. നാടിന്റെ മൊത്തം ജനസംഖ്യയിൽ ഒരു ശതമാനത്തിൽ താഴെ മാത്രം പ്രതിനിധീകരിച്ചിരുന്ന നമ്പൂതിരിസമുദായത്തിനു സമൂഹത്തിനുമേൽ സമ്പൂർണമായ ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞത് ഭൂമിയുടെയും ക്ഷേത്രങ്ങളുടെയും മേൽ തങ്ങൾക്കുണ്ടായിരുന്ന നിയന്ത്രണം മുഖേനയായിരുന്നു. പൗരോഹിത്യത്തോടൊപ്പം ജന്മിത്തവും കൂടിച്ചേർന്നപ്പോൾ അവർ കൂടുതൽ ശക്തരായിത്തീർന്നു. കോവിലകങ്ങളുമായും നായർതറവാടുകളുമായും അവർ പുലർത്തിയ സംബന്ധവിവാഹബന്ധം കാരണം എല്ലാ ഭരണാധിപന്മാരും ഉദ്യോഗസ്ഥപ്രമുഖരും പടയാളികളും നമ്പൂതിരിസന്തതികളായി മാറി. ഭരണമുന്നേറ്റത്തേക്കാൾ പ്രബലമായ അധികാരശക്തിയായി വർത്തിക്കാൻ ഇത് അവർക്ക് അവസരം നല്കി.

നമ്പൂതിരിസമുദായം ഒരുകാലത്തും ഏകശിലാഘടനയോടുകൂടി നിലനിന്നിരുന്നില്ല. ആന്തരികവൈജാത്യങ്ങളും ഉച്ചനീചത്വങ്ങളും സമുദായത്തെ നെടുകെ പിളർത്തി. ആഢ്യൻ - ആസ്യൻ എന്നതായിരുന്നു സുപ്രധാനമായ ഒരു വിഭജനം. സമുദായത്തിലെ ഉന്നതപദവികൾ ആഢ്യഗൃഹങ്ങൾക്കുമാത്രമായി പരിമിതപ്പെട്ടു. മതകാര്യങ്ങളിൽ തീർപ്പു കല്പിക്കാൻ അധികാരമുള്ള വൈദികർ, സാമുദായിക സദസ്സുകളിൽ വിധിതീർപ്പു നടത്തുന്ന സ്മാർത്തന്മാർ, യജ്ഞം, യാഗം എന്നിവ നടത്തിക്കാൻ അധികാരമുള്ള അഗ്നിഹോത്രി, ഭട്ടതിരി തുടങ്ങിയവർ, തന്ത്രിമാർ, ക്ഷേത്രപൂജാരിമാരുടെ ഗുരുക്കന്മാർ– ഇങ്ങനെ ബഹുമാന്യമായ പദവികൾ ആഢ്യന്മാരുടെ കുത്തകയായിരുന്നു. ഒളപ്പമണ്ണ, പൂമുള്ളി എട്ടു നമ്പൂതിരി ഇല്ലങ്ങൾ 'അഷ്ടഗൃഹത്തിലാഢ്യന്മാർ' എന്ന പേരിൽ പ്രസിദ്ധി നേടി. ഓത്തുള്ളവർ / ഓത്തില്ലാത്തവർ എന്ന മറ്റൊരു പദവിവിഭജനവും നമ്പൂതിരിമാർക്കിടയിലുണ്ടായിരുന്നു. വേദം ചൊല്ലാനും പഠിപ്പിക്കാനുമുള്ള അധികാരവും ഷോഡശക്രിയകൾ അനുഷ്ഠിക്കാൻ അവകാശവും ഉള്ളവരായിരുന്നു ഓത്തുള്ളവരുടെ ഗണത്തിൽപ്പെട്ടത്. ഓത്തില്ലാത്തവർക്ക് ഇതു രണ്ടും നിഷിദ്ധമായിരുന്നു. നമ്പൂതിരിസമുദായത്തെ രണ്ടു വർഗങ്ങളാക്കി അതിരിട്ട ഈ വിഭജനം അവർക്കിടയിൽ വിവാഹബന്ധങ്ങൾ, പന്തിഭോജനം എന്നിവ അസാധ്യമാക്കിത്തീർത്തു. ഓത്തുള്ളവർക്കിടയിലെ സ്ത്രീജനങ്ങൾ സവിശേഷമായ രീതിയിലുള്ള വസ്ത്രധാരണത്തിലൂടെയും ആഭരണമണിയുന്നതിലൂടെയും ഓത്തില്ലാത്തവരിൽനിന്നും വ്യത്യസ്തത പുലർത്തുകയും അങ്ങനെ തങ്ങളുടെ ഔന്നത്യം അവകാശപ്പെടുകയും ചെയ്തുപോന്നു.

*കേരളോൽപ്പത്തി*യിലെ പരശുരാമകഥയിലൂടെയാണ് നമ്പൂതിരിമാർ സാമൂഹികമായ തങ്ങളുടെ മേൽക്കോയ്മയ്ക്ക് ന്യായീകരണം കണ്ടെത്തിയത്. ക്ഷത്രിയരെ മുച്ചൂടും നശിപ്പിച്ച പരശുരാമൻ, പാപമോചനത്തിനായി മഴുവെറിഞ്ഞ് ഭൂമി

സൃഷ്ടിക്കുകയും അത് ബ്രാഹ്മണർക്ക് ദാനം നല്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം. ദൂരദേശത്തുനിന്ന് ബ്രാഹ്മണരെ കൊണ്ടുവന്ന് കുടിയിരുത്തിയ പരശുരാമൻ, അവരുടെ ക്ഷേമത്തിനായി ജന്മിത്തം, മരുമക്കത്തായം, സംബന്ധം തുടങ്ങിയ വ്യവസ്ഥകൾ നടപ്പിലാക്കുകയും ചെയ്തു. ഇന്ത്യയിലെ ഇതര ബ്രാഹ്മണരിൽനിന്നും വ്യത്യസ്തമായി തങ്ങൾ പാലിച്ചുപോന്ന 64 അനാചാരങ്ങളെന്ന നടപടികളെ ശങ്കരാചാര്യരുടെ സൃഷ്ടിയെന്നവകാശപ്പെട്ട *ശാങ്കരസ്മൃതി*യിലൂടെ നമ്പൂതിരിമാർ ന്യായീകരിച്ചു. നമ്പൂതിരിമാരുടെ കുടുംബഘടനയും ദായക്രമവും വിവാഹം തുടങ്ങിയ മറ്റു വ്യവഹാരങ്ങളും ക്രമപ്പെടുത്തിയ *ശാങ്കരസ്മൃതി* മക്കത്തായത്തോടൊപ്പം കുടുംബസ്വത്ത് ഭാഗിക്കപ്പെടരുതെന്ന വ്യവസ്ഥയുമേർപ്പെടുത്തി. പ്രഭുപദവിക്ക് അനുയോജ്യമാംവിധം സമുദായത്തെ ചെറുതാക്കി നിലനിർത്തുന്നതിനു വേണ്ടി കുടുംബത്തിൽ മൂത്ത മകനുമാത്രം സ്വജാതിവിവാഹം അനുവദിച്ചുനൽകി. അപ്ഫൻമാർ അല്ലെങ്കിൽ കനിഷ്ഠൻമാർ എന്നു വിളിക്കപ്പെട്ടുപോന്ന ഇളയ ആൺമക്കൾക്ക് വ്യവസ്ഥാപിതവും നിയമവിധേയവുമായ വിവാഹവും കുടുംബജീവിതവും നിഷേധിച്ച *ശാങ്കരസ്മൃതി* മരുമക്കത്തായം പിന്തുടർന്നുപോന്ന സമുദായങ്ങളിൽനിന്നും സംബന്ധവിവാഹത്തിന് അവർക്ക് അനുമതി നല്കി. സംബന്ധസന്തതികൾ നമ്പൂതിരിപ്രജകളാകാൻ യോഗ്യരായിരുന്നില്ലെന്നു മാത്രമല്ല, ഇല്ലംസ്വത്തിൽ അവർക്ക് അവകാശവുമുണ്ടായിരുന്നില്ല. സംബന്ധഭാര്യയും സന്താനങ്ങളും ജന്മഗൃഹത്തിൽത്തന്നെ വസിച്ചുപോന്നതിനാൽ ഇത്തരം വിവാഹങ്ങൾ നമ്പൂതിരിമാർക്ക് ബാധ്യതകളൊന്നുമുണ്ടാക്കിയില്ല. സ്വത്തവകാശത്തോടൊപ്പം കുടുംബബാധ്യതകളും ഇല്ലാതെ പുലർന്ന അപ്ഫൻമാർ ഇല്ലങ്ങളിൽ അന്യരായിത്തീരുകയും സംബന്ധഗൃഹങ്ങളിലും ക്ഷേത്രപരിസരങ്ങളിലുമായി ജീവിതം കഴിച്ചുകൂട്ടുകയും ചെയ്തുപോന്നു. ഇല്ലം ഭരണം കാരണവരായ മൂത്ത നമ്പൂതിരിയുടെ അധീനതയിലായിരുന്നു. ശാന്തിയും തേവാരവുമായി ദിവസത്തിന്റെ വലിയൊരു പങ്കും ചെലവാക്കേണ്ടിയിരുന്ന ഇവർ, ഗൃഹഭരണം കാര്യസ്ഥന്മാരെയാണ് ഏല്പിച്ചിരുന്നത്. പല നമ്പൂതിരി ഇല്ലങ്ങളും ക്ഷയോന്മുഖമാവാൻ ഇത് കാരണമായിഭവിച്ചു.

പിതൃദായക്രമവും പുരുഷമേധാവിത്വവും നിലനിന്ന നമ്പൂതിരിസമുദായത്തിലെ സ്ത്രീജനങ്ങളുടെ പദവി തുലോം പിന്നാക്കമായിരുന്നു. ഇതര ബ്രാഹ്മണവിഭാഗങ്ങളിൽനിന്നും വിഭിന്നമായി ശൈശവവിവാഹവും സതീസമ്പ്രദായവും അജ്ഞാതമായിരുന്നെങ്കിലും നിലവിലുള്ള വിവാഹസമ്പ്രദായം അവരുടെ അവസ്ഥ ദയനീയമാക്കിത്തീർത്തു. സ്വജാതിവിവാഹം മൂത്ത മകനു മാത്രം അനുവദനീയമായതിനാൽ ബഹുഭാര്യത്വം അനിവാര്യമായി വന്നു.

സ്ത്രീധനസമ്പ്രദായമാകട്ടെ, അനേകം അന്തർജനങ്ങൾക്ക് വിവാഹം പോലും അസാധ്യമാക്കിത്തീർത്തു. ഭാഗ്യം ലഭിച്ചവർക്കാകട്ടെ, രണ്ടാമത്തെയും മൂന്നാമത്തെയും ഭാര്യമാരായി വൃദ്ധഭർത്താക്കന്മാരെ സ്വീകരിക്കാനായിരുന്നു വിധി. പലപ്പോഴും അകാലവൈധവ്യമായിരുന്നു ഇതിന്റെ പരിണതി. പുനർവിവാഹം നിഷിദ്ധമായിരുന്നതിനാൽ പലർക്കും കുലീനകാലം മുഴുവൻ വിധവകളായി

ജീവിച്ചുതീർക്കേണ്ടിവന്നു. വിധവകൾ അസ്പൃശ്യരായതിനാൽ അവഹേളനത്തിനും ഒറ്റപ്പെടലിനും വിധേയരാക്കപ്പെട്ടു. വൈധവ്യത്തിന്റെ വിലക്കുകൾ ലംഘിച്ചവരാകട്ടെ, സ്മാർത്തവിചാരത്തിലൂടെ ഭ്രഷ്ടരാക്കപ്പെട്ടു. പാതിവ്രത്യം നിർബന്ധമായിരിക്കുകയും പുറംലോകത്തിന്റെ വ്യവഹാരങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്ത അന്തർജനങ്ങൾക്ക് ക്ഷേത്രദർശനം, വിവാഹം തുടങ്ങിയ ഘട്ടങ്ങളിൽ അപൂർവമായി പൊതുജനമധ്യത്തിൽ ഇറങ്ങേണ്ടിവരുമ്പോൾ 'ഘോഷ' എന്നറിയപ്പെട്ട പർദസമ്പ്രദായം പാലിക്കേണ്ടിയിരുന്നു. നമ്പൂതിരിസമുദായത്തിലെ പ്രോലറ്റേറിയറ്റ് എന്ന് അന്തർജനങ്ങളെയും അപ്ഫൻമാരെയും ഒരുമിച്ച് വിശേഷിപ്പിച്ചത് തീർത്തും ശരിയായിരുന്നു.

ഒരു നമ്പൂതിരിയുടെ ജീവിതം അസംഖ്യം അനുഷ്ഠാനകർമങ്ങളുടെ ആകത്തുകയായിരുന്നു. ഷോഡഷക്രിയകൾ എന്നറിയപ്പെട്ട കർമങ്ങൾ കൂടാതെ അനേകം അനുഷ്ഠാനചര്യകളിലൂടെയാണ് അവരുടെ ജീവിതം കടന്നുപോകേണ്ടിയിരുന്നത്. നിത്യജീവിതത്തിൽ ഉണരുന്നതുമുതൽ ഉറങ്ങുന്നതുവരെ ആചാരനിബദ്ധമായിരുന്നു അവരുടെ പെരുമാറ്റരീതികൾ. ചിട്ടമാറിയുള്ള ഏതൊരു പ്രവൃത്തിയും അയിത്തത്തിനു കാരണമാവുകയും പരിഹാരമായി മുങ്ങിക്കുളിക്കേണ്ടിവരുകയും വേണം. പൊതുസ്ഥലങ്ങളിലാകട്ടെ, സ്പർശംവഴിയും സാമീപ്യംവഴിയും അനുവദനീയമല്ലാത്തതും താഴ്ന്ന ജാതിക്കാരുണ്ടാക്കുന്നതുമായ ഭക്ഷണം സ്വീകരിക്കുന്നതുവഴിയും ഉണ്ടാക്കാനിടയുള്ള അയിത്തത്തെക്കുറിച്ചും നമ്പൂതിരിമാർ നിരന്തരം ഉത്കണ്ഠപ്പെടേണ്ടിയിരുന്നു. ബാലിശവും യുക്തിരഹിതവുമായ അയിത്താചരണം അതിവേഗം ചികിത്സിച്ചുകൊണ്ടിരുന്ന സിവിൽ സമൂഹവ്യവഹാരങ്ങളിൽ പങ്കാളിയാവുന്നതിനു നമ്പൂതിരിമാരെ അശക്തരാക്കിത്തീർത്തു. അതോടൊപ്പം താഴ്ന്ന ജാതിവിഭാഗങ്ങളെ അയിത്തത്തിന്റെ പേരിൽ തുടർന്നും അകറ്റിനിർത്തിക്കൊണ്ടിരുന്നതു നമ്പൂതിരിക്കെതിരായ വലിയ വിമർശനമായി രൂപപ്പെടാൻ തുടങ്ങിയിരുന്നു. ആധുനികതയോടുള്ള ദയവും അന്ധമായ അയിത്താചരണവും അവരെ പരിഹാസപാത്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

കേരളീയ ബ്രാഹ്മണപാരമ്പര്യത്തിന് അപവാദമായിരുന്നു മരുമക്കത്തായികളായ പയ്യന്നൂർ ഗ്രാമത്തിലെ 16 നമ്പൂതിരി കുടുംബങ്ങൾ. താഴേക്കാട്ട്, രേരമംഗലം, കുഞ്ഞിമംഗലം, കുന്നത്ത്, തളിയിൽ, താവത്ത്, തേലക്കാട്ട് തുടങ്ങിയവയായിരുന്നു ഇവയിൽ പ്രസിദ്ധമായവ. പയ്യന്നൂർ നമ്പൂതിരിമാരെ തിരുമുമ്പ്, അമ്മോമൻ എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. യജുർവേദികളായ ഇവർക്ക് പൗരോഹിത്യാവകാശം ഉണ്ടായിരുന്നില്ല. തങ്ങളുടെ ക്ഷേത്രങ്ങളിൽ അവർ മറ്റു നമ്പൂതിരിമാരെ പുരോഹിതരായി നിയമിച്ചു. പുരാതനമായ നമ്പൂതിരിഗ്രാമമായിരുന്നിട്ടും ആചാരപരമായി പയ്യന്നൂർ നമ്പൂതിരിമാർ പതിതരായിരുന്നു. മുറജപത്തിന് ഇവർക്കു ക്ഷണം ലഭിച്ചിരുന്നില്ല. പരശുരാമനോടൊപ്പം യുദ്ധത്തിനുവേണ്ടി ആയുധമെടുത്തുവെന്നതും ക്ഷത്രിയരക്തം സിരകളിൽ വഹിക്കുന്നവരാണ് എന്നതുമായിരുന്നു ഈ പതിത്വത്തിനു കാരണമായി പറഞ്ഞിരുന്നത്. എന്നിരിക്കിലും അവരും ഷോഡശക്രിയകൾ അനുഷ്ഠിക്കുകയും

ാചാരങ്ങൾ പാലിക്കുകയും ചെയ്തിരുന്നു. തിരുമുമ്പ് സ്ത്രീകളാക
അന്തർജനങ്ങളെപ്പോലെ ഘോഷ അനുവർത്തിച്ചിരുന്നു. വ്യഭിചാര
അവർക്കിടയിലും സ്മാർത്തവിചാരത്തിലൂടെയാണ് ശിക്ഷ വിധിച്ചിരു
എന്നാൽ മാതൃദായക്രമമായിരുന്നു പയ്യന്നൂർ നമ്പൂതിരിമാരുടെ സമ്പ്ര
അന്തർജനങ്ങളെ നമ്പൂതിരിമാർക്കു മാത്രമേ വിവാഹം ചെയ്തു നല്കി
ുള്ളൂ. അതേസമയം നായർസംബന്ധത്തിൽനിന്ന് വിഭിന്നമായി നമ്പൂ
ത്താവ് തിരുമുമ്പ് ഭാര്യയോടൊപ്പം ഭാര്യാഗൃഹത്തിൽ സ്ഥിരതാമസമാ
ിയിരുന്നു. വെറും ലൈംഗികപങ്കാളി മാത്രമായിരുന്ന അവർ ഭാര്യാഗൃ
ആശ്രയിച്ച് കഴിഞ്ഞുപോന്നു. സ്വന്തം മക്കളുടെ രക്ഷാകർത്തൃത്വവും
ുണ്ടായിരുന്നില്ല. ഇല്ലത്തെ ഏറ്റവും മുതിർന്ന തിരുമുമ്പിനായിരുന്നു
തരവാദിത്വം. ഇല്ലം സ്വത്തിൽ പുരുഷന്മാർക്ക് നിയമപരമായി അവകാ
ായിരുന്നില്ല. സ്വജാതിവിവാഹം നിഷേധിക്കപ്പെട്ട ഇവർ, നായർതറവാ
ായി സംബന്ധവിവാഹത്തിലേർപ്പെട്ടു. അത്തരം വിവാഹങ്ങളിലെ സ
ൾ, നമ്പൂതിരിമാരുടെ കാര്യത്തിലെന്നതുപോലെത്തന്നെ, നായർതറ
ൾക്ക് മുതൽക്കൂട്ടായിത്തീരുകയായിരുന്നു പതിവ്. പെൺപ്രജകളില്ലാ
ുന്ന ഘട്ടങ്ങളിൽ ഇല്ലങ്ങൾ അന്യംനിന്നുപോകാതിരിക്കാനായി തിരു
നകളിൽനിന്നോ നമ്പൂതിരി ഇല്ലങ്ങളിൽനിന്നോ പെൺകുട്ടികളെ ദ
ക്കുന്ന സമ്പ്രദായം പതിവുണ്ടായിരുന്നു. മക്കത്തായത്തിലേക്ക് മാറി
ും ആചാരപരമായ അംഗീകാരം ഇപ്പോൾ മാത്രമാണ് അതിന് അവർ
യത്.

ധുനികനമ്പൂതിരിയുടെ പിറവി വിസ്മയിപ്പിക്കുന്ന ഒരു പ്രക്രിയയായി
ജന്മിത്തവും പ്രഭുത്വവും സമ്മേളിച്ചതുകാരണം അലസരും ആചാര
നുഷ്ഠാനവും അതിർകടന്നതുമൂലം അന്ധവിശ്വാസികളുമായിത്തീർ
ൂതിരിമാർ, 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടിയാണ് ആധുനികത
പ്രബുദ്ധതതേയും സ്വീകരിക്കാനൊരുങ്ങുന്നത്. വൈദേശികമേധാവി
റന്നുവിട്ട പ്രകമ്പനങ്ങളാണ് 'പരിവർത്തനമില്ലാതെ നിലനില്പില്ല' എ
ാധത്തിലേക്ക് നമ്പൂതിരിമാരെ ആനയിച്ചത്. കൊളോണിയൽ സാമ്പ
റയങ്ങൾ പുതിയ തൊഴിൽമേഖലകൾ സൃഷ്ടിച്ചപ്പോൾ പഴയ ആശ്രിത
ങ്ങൾ തകരാൻ തുടങ്ങി. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആരംഭം പുതി
ചപ്പാടുകളും ചിന്താഗതികളും രൂപപ്പെടാനിടയാക്കി. സാമൂഹികനീതി
പൗരാവകാശങ്ങളെയും കുറിച്ചുള്ള അവബോധം ജാത്യാചാരങ്ങൾ
രേ പോരാടുന്ന എസ്.എൻ.ഡി.പി. പോലുള്ള പ്രസ്ഥാനങ്ങൾക്ക് ഉദയം
. യുക്തിചിന്തയുടെ വികാസം അന്ധവിശ്വാസങ്ങൾക്കെതിരായ മനോ
സൃഷ്ടിച്ചു. സംബന്ധവിവാഹത്തിനും മരുമക്കത്തായത്തിനുമെതിരേ
ുവന്ന ചലനങ്ങൾ നമ്പൂതിരിമാരുടെ പരമ്പരാഗതമായ വിവാഹസമ്പ്ര
ങളെ പ്രതിസന്ധിയിലാക്കി. കുടിയാൻ പ്രസ്ഥാനമാകട്ടെ, ജന്മികളുടെ
വകാശത്തെ രൂക്ഷമായി ആക്രമിച്ചുതുടങ്ങി. സ്ത്രീകളുടെ പദവിയെ
ന്ധിച്ച ആധുനികകാഴ്ചപ്പാടുകൾ നമ്പൂതിരിമാരുടെ കുടുംബഘടനയെ

പ്രതിരോധത്തിലാക്കി. പരമ്പരാഗതമായി നമ്പൂതിരിമാർക്കു ലഭിച്ചുകൊണ്ടിരുന്ന സംരക്ഷണവും പരിഗണനകളും കൊളോണിയൽ ഭരണത്തിൻകീഴിൽ ലഭ്യമല്ലാതായിത്തുടങ്ങി. കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരത്തോടെ നമ്പൂതിരിമാരുടെ ധാർമികമായ കപടത അനാവരണം ചെയ്യപ്പെടുകയും സാമൂഹികനേതൃത്വത്തിനുള്ള അവരുടെ അർഹത ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. പരിഷ്കരണം അനിവാര്യമാണെന്ന ചിന്തയിലേക്ക് നമ്പൂതിരിമാർ എത്തിപ്പെടാനും അതിനുവേണ്ടി ശക്തമായ ഒരു സംഘടന രൂപപ്പെടുത്തുന്നതിനുവേണ്ടി പരിശ്രമിക്കാനും അവർ നിർബന്ധിതരായിത്തീർന്നു.

നമ്പൂതിരിമാരുടെ സാമുദായികസംഘടനയായ യോഗക്ഷേമസഭ അതിന്റെ ആരംഭദശയിൽ ആചാരപരിഷ്കരണത്തിനായിരുന്നു മുൻതൂക്കം നല്കിയത്. എന്നാൽ സമുദായഘടനതന്നെ പൊളിച്ചെഴുതാതെ നിലനില്പില്ലെന്ന് മനസ്സിലാക്കിയ ഒരുകൂട്ടം യുവനമ്പൂതിരിമാർ വിവാഹസമ്പ്രദായത്തെയും ദായക്രമത്തെയും സമ്പൂർണമായി പരിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങളാരംഭിച്ചു. എല്ലാ നമ്പൂതിരി പുരുഷന്മാർക്കും സ്വജാതിവിവാഹവും കുടുംബസ്വത്തിൽ ആളോഹരിഭാഗവും നേടിയെടുക്കാൻ അവർക്കു കഴിഞ്ഞു. വിവാഹപരിഷ്കാരമാകട്ടെ, അന്തർജനങ്ങളെ സാപത്ന്യത്തിൽ നിന്നും അകാലവൈധവ്യത്തിൽനിന്നും രക്ഷിക്കാൻ പര്യാപ്തവുമായിരുന്നു. സമുദായങ്ങൾ തമ്മിലുള്ള സംഘർഷം കാരണം കലുഷമായ കേരളീയ പൊതുമണ്ഡലത്തിൽ സാമുദായിക താത്പര്യങ്ങൾതന്നെയാണ് നമ്പൂതിരിയുവാക്കളെയും പ്രചോദിപ്പിച്ചത്. കൂട്ടുകുടുംബവ്യവസ്ഥ സ്വത്തുനാശത്തിനും സംബന്ധവിവാഹം സന്തതിനാശത്തിനും കാരണമാവുന്നുവെന്ന് അവർ മനസ്സിലാക്കി. സന്തതിയും സമ്പത്തും പ്രധാന മുദ്രാവാക്യങ്ങളായി പ്രത്യക്ഷപ്പെട്ടത് ഈ സാഹചര്യത്തിലാണ്. നമ്പൂതിരിമാരുടെ ഒറ്റപ്പെടലും അന്ധമായ അയിത്താചരണവും അവരെ പൊതുസമൂഹത്തിന്റെ മുഖ്യശത്രുവായി സ്ഥാനപ്പെടുത്തിയിട്ടുണ്ടെന്ന തിരിച്ചറിവ് യുവനേതൃത്വത്തെ രാഷ്ട്രീയരംഗത്തേക്കും അയിത്തോച്ചാടന പ്രക്ഷോഭത്തിലേക്കും ആകർഷിച്ചു. 1925-ൽ വൈക്കം സത്യാഗ്രഹത്തെ എതിർത്ത നമ്പൂതിരിസമുദായം, 1931-ൽ ഗുരുവായൂർ സത്യാഗ്രഹത്തിനു പൂർണപിന്തുണ നല്കി. എന്നിരിക്കിലും ദേശീയപ്രസ്ഥാനത്തിൽ, മറ്റു സാമുദായിക സംഘടനകളെപ്പോലെത്തന്നെ, യോഗക്ഷേമസഭയും കാര്യമായ ഉത്സാഹം കാണിച്ചില്ല. ദേശീയപ്രസ്ഥാനം നമ്പൂതിരിസമുദായത്തിന്റെ താത്പര്യങ്ങൾക്കു വിരോധമാണെന്നതും അതിന്റെ നേതൃത്വം കുടിയാൻപ്രസ്ഥാനക്കാരുടെ കൈയിലാണെന്നതും ഈ താത്പര്യക്കുറവിനു കാരണമായിരുന്നു. 1921 - ൽ ഖിലാഫത്ത് പ്രസ്ഥാനം മലബാർ കലാപമായി പരിണമിച്ച് ജന്മിത്തത്തിനെതിരേ തിരിഞ്ഞ് ഈ നിലപാടിന് ആക്കംകൂട്ടിയ ഘടകമായിരുന്നു. എങ്കിലും വ്യക്തികളെന്ന നിലയിൽ നമ്പൂതിരിമാർ ദേശീയപ്രസ്ഥാനവുമായി സഹകരിച്ചുപോന്നു. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ ഉദയത്തോടെ അനേകം നമ്പൂതിരിമാർ അതിലേക്ക് ആകൃഷ്ടരായിത്തീർന്നു. പരമ്പരാഗതമായി സ്വത്തവകാശം നിഷേധിക്കപ്പെട്ടിരുന്നതുകാരണം നമ്പൂതിരി

അപ്ഫൻമാർ അനുഭവിച്ച നിർധനത്വം ഈ ആകർഷണത്തിനു കാരണമായി ഭവിച്ചിരിക്കാം. കോൺഗ്രസ്സിലെ രണ്ടാംനിര നേതൃത്വംകൊണ്ട് തൃപ്തിപ്പെടേണ്ടിവരുമെന്ന ആശങ്കയും അവരെ ഇടതുപക്ഷത്തേക്ക് ആകർഷിച്ചിരിക്കാം. 1930കളിൽ സാമുദായികപ്രസ്ഥാനം അതിന്റെ ലക്ഷ്യം പൂർത്തീകരിച്ച് ആലസ്യത്തിലേക്ക് പ്രവേശിച്ചതോടുകൂടി യുവ നമ്പൂതിരിവിപ്ലവകാരികൾ തീവ്രമായ ലക്ഷ്യങ്ങൾ നിർദേശിച്ച പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടതുമാകാം. അതേസമയം മറ്റൊരു വിഭാഗം പുണൂലിന്റെയും ശാന്തിയുടെയും പഴമയിലേക്ക് മടങ്ങിപ്പോയി. മാറിയ നമ്പൂതിരിയോടൊപ്പം പഴയ നമ്പൂതിരിയും ഇന്നും നിലനില്ക്കുന്നു.